**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 841** **06-02-2023 - ൽ മറുപടിയ്ക്ക്**

**വിദേശത്ത് പഠിക്കുവാൻ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠനം നടത്തുന്നതിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; | (എ) | കേരളീയരായ പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് വിദേശത്തെ മികച്ച യൂണിവേഴ്സിറ്റികളിൽ ബിരുദാനന്തര ബിരുദ, പി.എച്ച്.ഡി കോഴ്സുകൾ പഠിക്കുന്നതിനായി ഓവർസീസ് സ്കോളർഷിപ്പ് താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചു വരുന്നു.<br><br>1) പ്രായപരിധി 35 വയസ്സ്.<br><br>2) WORLD TIMES Rankingൽ 1 മുതൽ 500 റാങ്കിങ്ങ് വരെയുള്ള യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ ലഭിക്കുന്നവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്.<br><br>3) യോഗ്യതാ പരീക്ഷയിൽ 55% മാർക്ക് ലഭിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളെയും, 50% മാർക്ക് ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെയുമാണ് പരിഗണിക്കുന്നത്.<br><br>4) പരമാവധി 25 ലക്ഷം രൂപയാണ് സ്കോളർഷിപ്പായി അനുവദിക്കുന്നത്.<br><br>5) പട്ടിക വർഗ വിദ്യാർത്ഥികൾക്ക് വരുമാനപരിധി ബാധകമല്ല. 12 ലക്ഷം വരെ വരുമാനപരിധിയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക പൂർണ്ണമായും പരമാവധി 25 ലക്ഷം രൂപയും, 12 ലക്ഷത്തിനും 20 ലക്ഷത്തിനും വരുമാനപരിധിയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് യഥാർത്ഥ ട്യൂഷൻ ഫീസും മറ്റുള്ളവയും 50% അക്കോമഡേഷൻ & ലിവിംഗ് എക്സ്പെൻസും ലഭിക്കുന്നു. 20 ലക്ഷത്തിനു മുകളിൽ യഥാർത്ഥ ട്യൂഷൻ ഫീസ് മാത്രമേ ലഭിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| | | | 6) സോഷ്യൽ സയൻസ് & ഹ്യുമാനിറ്റീസ്, കൊമേഴ്സ്, ആർട്സ്, ഫൈൻ ആർട്സ്, മ്യൂസിക് & അലൈഡ് സബ്ജക്ട്സ്, നിയമം തുടങ്ങിയ വിഷയങ്ങളിൽ രാജ്യത്തിനകത്ത് ഇല്ലാത്ത കോഴ്സുകൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. |
| (ബി) | ഈ പദ്ധതിയുടെ ധനസഹായം ലഭിക്കുന്നതിന് അപേക്ഷകർ സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | പദ്ധതിയുടെ ധനസഹായം ലഭിക്കുന്നതിന് അപേക്ഷകർ താഴെപറയുന്ന രേഖകൾ/ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.<br><br>1) എസ്.എസ്.എൽ.സി ബുക്കിന്റെ പകർപ്പ്<br><br>2) ജനന സർട്ടിഫിക്കറ്റ്<br><br>3) പ്ലസ്-ടു, ഡിഗ്രി/ഗ്രാജുവേഷൻ സർട്ടിഫിക്കറ്റുകൾ<br><br>4) യോഗ്യതാ പരീക്ഷാ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്<br><br>5) IELTS/TOEFL/GRE മറ്റ് ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പ്<br><br>6) യൂണിവേഴ്സിറ്റിയിൽ/ഇൻസ്റ്റിറ്റ്യൂഷൻ നിന്നുള്ള ഓഫർ ലെറ്റർ<br><br>7) ജാതി സർട്ടിഫിക്കറ്റ്<br><br>8) വരുമാന സർട്ടിഫിക്കറ്റ്<br><br>9) ആധാർ കാർഡിന്റെ പകർപ്പ്<br><br>10) ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്<br><br>11) പാസ് പോർട്ടിന്റെ പകർപ്പ്<br><br>12) സ്റ്റുഡന്റ് വിസയുടെ പകർപ്പ് |
| (സി) | ടൈംസ് ലോക യൂണിവേഴ്സിറ്റി റാങ്കിൽ ഏത് റാങ്ക് വരെയുള്ള യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ ലഭിക്കുന്നവർക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളതെന്ന് വിശദമാക്കാമോ; | (സി) | 1 മുതൽ 500 റാങ്ക് വരെയുള്ള യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ ലഭിക്കുന്നവർക്കാണ് വിദേശ പഠനത്തിനുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുള്ളത്. |
| (ഡി) | ടൈംസ് ലോക യൂണിവേഴ്സിറ്റി റാങ്കിങ്ങിന്റെ ലിസ്റ്റ് ലഭ്യമാക്കാമോ? | (ഡി) | Times Higher Education വെബ്സൈറ്റിൽ വിവിധ യൂണിവേഴ്സിറ്റികളുടെ ബന്ധപ്പെട്ട വർഷത്തെ റാങ്കിംഗ് പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ആയത് വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ